കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 22 | ഫെബ്രുവരി 28 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 വട്ടവടയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കും : കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്

3 സുഭിക്ഷ കേരളം; ഉള്ളികൃഷി വിളവെടുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

6 കറവപ്പശുക്കളുടെ വേനൽക്കാല പരിചരണം

## "എന്റെ ഇൻഷുറൻസ് എന്റെ കൈകളിൽ" സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചു

### വിള ഇൻഷുറൻസ് സർട്ടിഫിക്കറ്റുമായി മന്ത്രി വീട്ടിലെത്തി; മനം നിറഞ്ഞ് തങ്കച്ചനും കുടുംബവും

'ഒത്തിരി സന്തോഷം.. ഇത്തരം പദ്ധതികൾ കർഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കും'. വീട്ടിലെത്തിയ കൃഷി മന്ത്രിയിൽ നിന്നും വിള ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയതിന്റെ ആഹ്ളാദത്തിലാണ് തങ്കച്ചനും ഭാര്യ ലീലാമ്മയും. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തോടനുബന്ധിച്ച് "എന്റെ ഇൻഷ്വറൻസ് എന്റെ കൈകളിൽ" എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം എടത്വയിലെ വീട്ടിലെത്തി ഇദ്ദേഹത്തിനും ഭാര്യയ്ക്കും ഇൻഷ്വറൻസ് പോളിസി രേഖകൾ നൽകിയാണ് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചത്.



എടത്വ വീയപുരം ഏലയിലെ മുണ്ടത്തോട്- പോള തുരുത്ത് പാടശേഖരത്തിലെ കർഷകനായ ശ്രീ. വി.ജെ. തങ്കച്ചന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതികളുടെ പോളിസി സർട്ടിഫിക്കറ്റുകളാണ് കൈമാറിയത്. കർഷകർക്ക് പരമാവധി സഹായം ഉറപ്പാക്കുകയാണ് ഇത്തരം പദ്ധതികളുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാരുമായി ചേർന്ന് പ്രധാനമന്ത്രി ഫസൽ ഭീമാ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസും സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പ്രധാനമന്ത്രി ഫസൽ ഭീമാ യോജനയിൽ 13,604 കർഷകർക്കാണ് അംഗത്വമുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 51,658 കർഷകരും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2,04,988 കർഷകരും അംഗങ്ങളാണ്.

## നാളികേര സംഭരണം; നടപടികളുമായി മുന്നോട്ടു പോകുമെന്ന് മന്ത്രി ശ്രീ. പി. പ്രസാദ്

കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുമെന്ന് കൃഷി മന്ത്രി ശ്രീ പി. പ്രസാദ് പറഞ്ഞു. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് ഏറെ ലാഭകരമാണ്. ഓരോ കേരഗ്രാമങ്ങളും സ്വന്തം പേരിൽ ഒരു ഉൽപ്പന്നമെങ്കിലും നിർമ്മിച്ച് വിപണിയിലെത്തിക്കാൻ ശ്രമിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ 17 വാർഡുകളിലും കേരസമിതികൾ രൂപീകരിച്ചാണ് കേരഗ്രാമം പദ്ധതി നടപ്പാക്കുന്നത്.



ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# വട്ടവടയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കും : കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്

വട്ടവടയിലെ കർഷകരുടെ വിവിധ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പ്രതിവിധികൾ ആവിഷ്കരിക്കുന്നതിനും ആയി വട്ടവട ഗ്രാമപഞ്ചായത്ത് ഹാളിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ. പ്രസാദിന്റെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു. വട്ടവടയിലെ കൃഷിയിടങ്ങൾ സന്ദർശിച്ച ശേഷമായിരുന്നു മന്ത്രി യോഗത്തിന് എത്തിയത്. ഇടനിലക്കാരുടെ ചൂഷണം, ജല ലഭ്യതയുടെ കുറവ്, ഭൂമി പ്രശ്നങ്ങൾ, ഉൽപ്പന്നങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ കർഷകർ മന്ത്രിക്ക് മുൻപിൽ അവതരിപ്പിച്ചു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃഷിവകുപ്പ് വലിയ പ്രാധാന്യം കൽപ്പിക്കുന്നതായി മന്ത്രി പറഞ്ഞു. വട്ടവടയിലെ ഗ്രാന്റീസ് മരങ്ങൾ പിഴുതു മാറ്റുന്ന കാര്യത്തിൽ കഴിഞ്ഞ സർക്കാർ തീരുമാനം കൈക്കൊണ്ടതാണ്. അതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കും. വട്ടവടയിലെ കർഷകർ ചൂഷണത്തിനിരയാകുന്നുണ്ട്. സർക്കാർ ഈ വിഷയം ഗൗരവകരമായി എടുക്കും. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഭൂമിക്ക് പട്ടയം ഇല്ലാത്ത സാഹചര്യം കണക്കിലെടുത്ത് കർഷകർക്ക് വായ്പ ലഭ്യമാക്കാൻ എന്ത് ചെയ്യാൻ കഴിയും എന്ന കാര്യത്തിൽ ബാങ്കുകളുമായി ആലോചന നടത്തും.



നാളുകൾക്കു മുൻപ് ഊർക്കടിൽ നിർമ്മാണം പൂർത്തീകരിച്ചിരുന്ന ഹോർട്ടികോർപ്പിന്റെ സംഭരണകേന്ദ്രം താമസം കൂടാതെ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കും. സംഭരണകേന്ദ്രം പ്രവർത്തനക്ഷമമായാൽ മറ്റു ജില്ലകളിലേക്കും വട്ടവടയിൽ നിന്നും പച്ചക്കറികൾ വിൽപനയ്ക്കായി കൊണ്ടുപോകാൻ കഴിയും. ഇതിനായി വാഹന സൗകര്യം ഏർപ്പെടുത്തും. നിർമ്മാണം പൂർത്തീകരിച്ച ശേഷവും കർഷകർക്ക് പ്രയോജനപ്രദമല്ലാതെ കിടക്കുന്ന വിവിധ ചെറുകിട തടയണകൾ വട്ടവടയുടെ വിവിധ ഇടങ്ങളിൽ ഉള്ളതായി പരാതി ഉയർന്നിട്ടുണ്ട്. വനം വകുപ്പുമായി ആലോചിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തും. കർഷകർക്കായുള്ള ജലസേചന സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ ഇടപെടൽ നടത്തും. പച്ചക്കറി സംഭവിച്ച വകയിൽ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള തുകയുടെ ഒരു ഭാഗം ഉടൻ നൽകും. ശേഷിക്കുന്ന തുക ഘട്ടം ഘട്ടമായി നൽകാൻ സർക്കാർ ഇടപെടൽ ഉണ്ടാകും. വട്ടവടയടക്കം ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി വകുപ്പുമന്ത്രി മാർച്ചിൽ ജില്ലയിൽ എത്തുമെന്നും മന്ത്രി വ്യക്തമാക്കി. അവലോകന യോഗത്തിൽ അഡ്വ. കെ. രാജ എംഎൽഎ അധ്യക്ഷത വഹിച്ചു. ഉന്നത കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, വിവിധ ഉദ്യോഗസ്ഥ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഹോർട്ടി കോർപ്പ് അധികൃതർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കോഴിവസന്തയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ്

കോഴിവസന്ത രോഗത്തിനെതിരെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഒരു മാസം നീളുന്ന "പ്രതിരോധ കുത്തിവെയ്പ്പ് തീവ്ര യജ്ഞം ഫെബ്രുവരി 18 മുതൽ ആരംഭിച്ചു.

കോഴി, താറാവ് എന്നീ വളർത്തുപക്ഷികളെ വളർത്തുന്ന കർഷകർ, 36 ദിവസം പൂർത്തിയായ മുഴുവൻ പക്ഷികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകണമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി അഭ്യർഥിച്ചു. സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലൂടെയും നൽകുന്ന ഈ കുത്തിവയ്പ്പ് തികച്ചും സൗജന്യമാണ്.



കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കുമരകത്തു പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജില്ലാ മൃഗസംരക്ഷണ വകുപ്പുമായും, ക്ഷീര വികസന വകുപ്പുമായും സഹകരിച്ച് 'ആദായകരമായ പശുവളർത്തൽ, കന്നുകാലി പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സൗജന്യ ത്രിദിന കാര്യക്ഷമത പരിപോഷണ പരിശീലന പരിപാടി ഓൺലൈൻ ആയി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.




കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതി (2021-23) യുടെ ഭാഗമായി "ഓരുജല കൂട് മത്സ്യകൃഷി" ആക്കൽ കായലിൽ നിർമ്മിച്ചിട്ടുള്ള കൂടുകളിൽ മത്സ്യവിത്ത് നിക്ഷേപിച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.



# സുഭിക്ഷ കേരളം; ഉള്ളികൃഷി വിളവെടുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു



കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടമംഗലം ഹയർ സെക്കന്ററി സ്കൂൾ വളപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ഉള്ളികൃഷിയുടെ വിളവെടുപ്പ് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ശ്രീ. എ.എം. ആരിഫ് എം.പി ട്രാവൻകൂർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീ. വി.വി. പവിത്രന് നൽകി ആദ്യ വിൽപ്പന നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.ജി. രാജേശ്വരി വളം വിൽപ്പന ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് കൃഷി ഡയറക്ടർ ശ്രീ. ജി.വി. റെജി റിപ്പോർട്ട് അവതരിപ്പിച്ചു. മഹാലക്ഷ്മി കൃഷി ഗ്രൂപ്പാണ് സ്കൂൾ വളപ്പിൽ കൃഷി നടത്തിയത്.

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ അഞ്ചു പഞ്ചായത്തുകളിലായി 13 കാർഷിക ഗ്രൂപ്പുകൾ വഴി ഏഴര ഏക്കറിലാണ് മാതൃകാ കൃഷിത്തോട്ടവും വിത്തുൽപ്പാദന പദ്ധതിയിൽ കൃഷിയും ഇറക്കിയത്. 100 കിലോ വിത്തും ജൈവവളവും ജൈവ കീടനാശിനിയും ഉൾപ്പെടെയാണ് ഗ്രൂപ്പുകൾക്ക്

നൽകിയത്. ഉള്ളി ഇല ഉൾപ്പെടെ 50 രൂപയുടെ കെട്ടുകളായി കൃഷിയിടത്തിൽ തന്നെ വിൽക്കാനാണ് തീരുമാനം.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.ജി. മോഹനൻ അധ്യക്ഷനായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ബിജി അനിൽകുമാർ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെയിംസ് ചിങ്കുതറ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സുദർശനാഭായി, കടക്കരപ്പള്ളി ഗ്രാമപ്രഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സതി അനിൽകുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശ്രീ. എൻ.എസ്. ശിവപ്രസാദ്, ശ്രീമതി. സജിമോൾ ഫ്രാൻസിസ്, കണ്ടമംഗലം സ്കൂൾ മാനേജർ ശ്രീ. കെ. ഷാജി, പ്രിൻസിപ്പൽ ശ്രീമതി. എസ്. രാജേശ്വരി ദേവി, ഹെഡ്മിസ്ട്രസ് ശ്രീമതി. കെ.കെ. ബ്ലോസം, കൃഷി ഓഫീസർ ശ്രീമതി. ജീഷ്മ ഷാജി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഭക്ഷണം കഴിക്കുന്നവരെല്ലാം കൃഷി ചെയ്യാനും ബാധ്യസ്ഥർ: കൃഷി മന്ത്രി

ഒരു നേരത്തെ ഭക്ഷണം നാം കഴിക്കുന്നുണ്ടെങ്കിൽ, കൃഷി ചെയ്യുവാനും നാം ബാധ്യസ്ഥരാണ്. പണം ഉണ്ടെങ്കിൽ എന്തും വാങ്ങാമെന്ന കരുതുന്നത് മിഥ്യയാണ്. ഭൗതിക സാഹചര്യങ്ങൾക്ക് നൽകുന്ന പ്രാധാന്യം കൃഷിയ്ക്കുകൂടി നൽകിയാൽ മാത്രമേ നല്ല ഭക്ഷണം കഴിക്കുവാൻ യോഗമുണ്ടാകൂ എന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. തിരുവനന്തപുരത്ത് കല്ലിയൂർ കൃഷി ഭവനന്റെ നേതൃത്വത്തിൽ കിരീടം പാലത്തിനടുത്തു പണ്ടാരക്കരി പാടശേഖരത്തിലെ 25 ഏക്കർ തരിശുനില നെൽകൃഷിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്. കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റിന്റെ അധ്യക്ഷതയിൽ ആയിരുന്നു യോഗ നടപടികൾ നടന്നത്. രാജ്യസഭ എം.പി. ശ്രീ. സുരേഷ്ഗോപി മട്ടുപ്പാവിലെ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായുള്ള പച്ചക്കറിത്തൈ വിതരണവും ഉദ്ഘാടനം ചെയ്തു.

നെൽകൃഷിയിൽ സ്വയംപര്യാപ്തത എന്നത് സാധ്യമല്ലെങ്കിൽപ്പോലും നിലവിലെ നെൽവയലുകൾ കാത്തു സൂക്ഷിക്കേണ്ടത് നാടിന്റെ നിലനിൽപിന്റെ തന്നെ ആവശ്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കൃഷി മന്ത്രി സൂചിപ്പിച്ചു. പച്ചക്കറി കൃഷിയിൽ സംസ്ഥാനം ഏറെക്കുറെ സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങുന്നുണ്ട്. 2016 ൽ 6 ലക്ഷം മെട്രിക് ടൺ ആയിരുന്ന ഉത്പാദനമെങ്കിൽ 2021 ൽ അത് 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. പ്രതിവർഷ ഉത്പാദനം 5 ലക്ഷം മെട്രിക് ടൺ കൂടി വർദ്ധിപ്പിച്ചാൽ നമ്മൾ ഉപയോഗിക്കുന്ന പച്ചക്കറിയുടെ അളവ് ഉത്പാദനമെത്തും. കൃഷി ചെയ്യുന്നില്ല എന്ന് എല്ലാ കർഷകരും കൂടി തീരുമാനമെടുത്താൽ ആത് ഏറ്റവും വലിയ ദുരന്തമായിരിക്കും. യുദ്ധത്തേക്കാൾ ഭീതികരമായ അവസ്ഥയായിരിക്കും അത് സൃഷ്ടിക്കുക. ആയതിനാൽ എല്ലാവരും കൃഷിയിലേക്ക് ഇറങ്ങേണ്ടത് അത്യാവശ്യമാണ്. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന കൃഷി വകുപ്പിന്റെ ജനകീയ ക്യാമ്പയിനിൽ എല്ലാവരും പങ്കാളികളാകണമെന്നും മന്ത്രി ആഹ്വാനം ചെയ്തു. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ മുതിർന്ന കർഷകനായ ശ്രീ. കുരുശൻ നാടാരെ മന്ത്രി ചടങ്ങിൽ വെച്ച് പൊന്നാടയണിയിച്ച് ആദരിച്ചു.

സുഭിക്ഷം - സുരക്ഷിതം കല്ലിയൂർ പദ്ധതിയുടെ ഭാഗമായുള്ള ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം എം.എൽ.എ അഡ്വ. എം. വിൻസെന്റ് നിർവ്വഹിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. കെ. എം. രാജു പദ്ധതി വിശദീകരണം നടത്തി.

വയനാട്ടിൽ അനുവർത്തിച്ചുവരു



ന്ന കെട്ടിനാട്ടി കൃഷിരീതിയിലാണ് 25 ഏക്കർ തരിശുനിലത്തിൽ നെൽകൃഷി പണ്ടാരക്കരി പാടശേഖരത്തിൽ നടപ്പിലാക്കുന്നത്. നെൽവിത്തുകൾ പ്രത്യേക വളക്കൂട്ടിൽ മുളപ്പിച്ചെടുത്ത് നേരിട്ട് പാകുന്നതാണ് കെട്ടിനാട്ടി രീതി. മനരത്ന, കറുവാച്ചി, തൊണ്ണൂറാൻ തൊണ്ടി, നാസർബാദ് എന്നീ ഇനങ്ങളാണ് കൃഷിയ്ക്കായി പാടശേഖര കമ്മിറ്റി തെരഞ്ഞെടുത്തത്. യോഗത്തിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പി.കെ സത്താർ കെട്ടിനാട്ടി കൃഷിരീതിയുടെ വിശകലനവും നടത്തി. നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എസ്. കെ. പ്രീജ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സരിത.വി, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. ഭഗത് റൂഫസ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. എൽ. മിനി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. എ. മിനി, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീ. ബൈജു എസ്. സൈമൺ, ശ്രീമതി. മിനി.റ്റി, നേമം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ. കെ. അജികുമാർ, പള്ളിച്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ജ്യോതി. വി. ആർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.ജയകുമാർ, കാർഷിക വികസന സമിതി അംഗം ശ്രീ. സി. എസ്. രാധാകൃഷ്ണൻ, നിലം ഉടമ ശ്രീ. കേശവൻ നായർ, വെള്ളായണി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അഡ്വ. എസ്.സുരേഷ്, പാടശേഖര സമിതി കൺവീനർ ശ്രീ. ബാലാജി എന്നിവർ ചടങ്ങിന് ആശംസകൾ അറിയിച്ചു. കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.കെ ചന്ദ്രകൃഷ്ണ ചടങ്ങിന് സ്വാഗതവും കല്ലിയൂർ കൃഷി ഓഫീസർ ശ്രീമതി. സ്വപ്ന.സി നന്ദിയും രേഖപ്പെടുത്തി.

# ജൈവ പച്ചക്കറി കൃഷി വിളവെടുപ്പ് ഉദ്ഘാടനം മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പച്ചക്കറി കൃഷി വികസന വികസന പദ്ധതി പ്രകാരം ജൈവ പച്ചക്കറി കൃഷി,സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ,ആത്മ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ ആരംഭിച്ച ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് നിർവഹിച്ചു. ചടങ്ങിൽ കോഴിക്കോട് നോർത്ത് എംഎൽഎ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജൈവ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിയ കർഷകനായ ശ്രീ. ഷംസുധീർ ദാസിനെ ചടങ്ങിൽ മേയർ ആദരിച്ചു. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ശശി പൊന്നണ പദ്ധതി വിശദീകരണം നടത്തി. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.




കെ. നാസർ, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. രമാദേവി കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. അനിതാ പി., കോഴിക്കോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. അനിത പാലേരി, കേരള കാർഷിക സർവകലാശാല കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റൻഡ് പ്രൊഫസർ ഡോ. ഷിജിനി ഇ. എം, കോഴിക്കോട് കോർപ്പറേഷൻ ഡിവിഷൻ കൗൺസിലർ ശ്രീ. നിഖിൽ പി.പി. എന്നിവർ ആശംസകൾ അറിയിച്ചു. കാർഷിക മൊത്ത വിപണന കേന്ദ്രം സെക്രട്ടറി ശ്രീമതി. സൈബുന്നിസ സ്വാഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സ്വപ്ന എസ്. നന്ദിയും പറഞ്ഞു

ചിതറ ഐരക്കുഴിയിൽ ആരംഭിച്ച കാൻഫെഡ് ഓർഗാനിക് ഫുഡ് മാർക്കറ്റ് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യു.



# കറവപ്പശുക്കളുടെ വേനൽക്കാല പരിചരണം

**ഡോ. എസ്. ഹരികുമാർ**
അസിസ്റ്റന്റ് പ്രൊഫസ്സർ
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം
വെറ്ററിനറി സർവ്വകലാശാല, മണ്ണുത്തി-680 651, തൃശ്ശൂർ ജില്ലാ

വേനൽക്കാലത്ത് അന്തരീക്ഷത്തിലെ ഉയർന്ന ചൂടും ആർദ്രതയും എല്ലാ ജീവജാലങ്ങളിലും ശാരീരിക സമ്മർദ്ദമുണ്ടാക്കുന്നു, പ്രത്യേകിച്ച് ശരീര ഊഷ്മാവ് സ്ഥിരമായി നിലനിർത്തുന്ന ജീവികളിൽ. സ്വാഭാവികമായ ആവാസവ്യവസ്ഥയിൽ ഇത്തരം സമ്മർദ്ദങ്ങളെ ഒരു പരിധിവരെ തരണം ചെയ്യാൻ ജന്മസിദ്ധമായ കഴിവുകൾ മൃഗങ്ങൾക്കുണ്ട്. എന്നാൽ അത്തരം അവസ്ഥ നിഷേധിക്കപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ശാരീരിക സമ്മർദ്ദം മനസ്സിലാക്കേണ്ടതും പരിഹരിക്കേണ്ടതും അത്യാവശ്യമാണ്. സങ്കരയിനം പശുക്കളാണ് ഇന്ന് നമ്മുടെ നാട്ടിൽ ഏറെയുമുള്ളത്. തണുപ്പുരാജ്യങ്ങളിലെ അത്യുൽപാദനശേഷിയുള്ള പശുക്കളുടെ ജനിതകഗുണം ഭാഗികമായുള്ള ഇവയ്ക്ക് കൂടിയ അന്തരീക്ഷ ഊഷ്മാവിനേയും ആർദ്രതയേയും ചെറുക്കുവാനുള്ള ശേഷി കുറവാണ്. അതിനാൽ ഇത്തരം സാഹചര്യങ്ങളിൽ ശാരീരിക പ്രക്രിയകളുടെ സംതുലനം നഷ്ടപ്പെട്ട് രോഗാവസ്ഥയുടെ ലക്ഷണങ്ങൾ കാണിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരാൻ ഇടവരുന്നു. ശരീര ഊഷ്മാവ് നിശ്ചിത നിലയിൽ നിലനിർത്തുന്നതിനുള്ള ശ്രമത്തിൽ അധിക ഊർജ്ജം ചെലവാകുന്നത് പരോക്ഷമായി ഉൽപാദനത്തേയും, പ്രത്യുൽപാദനത്തേയും ബാധിക്കുന്നു. ഇതോടൊപ്പം വേനൽക്കാലത്തെ ഗുണമേന്മയുള്ള തീറ്റയുടെയും പുല്ലിന്റെയും ലഭ്യതക്കുറവ്, വെള്ളത്തിന്റെ ദൗർലഭ്യം, തീറ്റ തേടിയുള്ള മേച്ചിൽ സ്ഥലങ്ങളിലെ അലച്ചിൽ എന്നിവ ശാരീരിക സമ്മർദ്ദത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. ഇതെല്ലാം കൂടി ചേർന്ന് പ്രതിരോധശേഷി കുറയുമ്പോൾ രോഗങ്ങൾ പെട്ടെന്ന് പിടിപെടാനുള്ള സാധ്യതയും കൂടുന്നു.

അന്തരീക്ഷ ഘടകങ്ങളിൽ പൊടുന്നനെയുണ്ടാകുന്ന വ്യതിയാനങ്ങൾ പുതിയ രോഗാണുക്കളുടെ ആവിർഭാവത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു. പരിചിതമല്ലാത്ത പുതിയ രോഗങ്ങൾ ക്ഷീരകർഷകർ അഭിമുഖീകരിക്കേണ്ടിവരുന്നു. ഇവയിൽ വാഹകജന്യരോഗങ്ങൾ അനിയന്ത്രിതമായി പടർന്നു പിടിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഉദാഹരണമായി അടുത്തകാലത്തായി പശുക്കളിൽ കണ്ടുവരുന്ന ചർമ്മ മുഴരോഗങ്ങൾ. ഇങ്ങനെ വളർത്തു മൃഗങ്ങളുടെ പ്രത്യേകിച്ച് കറവപ്പശുക്കളുടെ ആരോഗ്യത്തെ പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുവാൻ സാധ്യതയുള്ള അനേകം സാഹചര്യങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിലൂടെ സംഭവിക്കാം. ശാസ്ത്രീയമായ പരിചരണമുറകളിലൂടെ ഈ പ്രശ്നങ്ങളെ മറികടക്കുവാൻ ക്ഷീരകർഷകർക്ക് സാധിക്കണം.

താപസമ്മർദ്ദം കൂടുമ്പോൾ പശുക്കൾ തണൽ തേടി പോകുന്നു. തീറ്റയെടുക്കുന്നതു കുറയുകയും, വെള്ളം കുടിക്കുന്നത് കൂടുകയും ചെയ്യുന്നു. കൂടുതൽ





സമയം എഴുന്നേറ്റ് നിൽക്കുന്നത് ശരീരതാപനില കുറയ്ക്കുവാൻ പശുക്കളെ സഹായിക്കുന്നു. താപസമ്മർദ്ദം ഉയരുമ്പോൾ ശരീര ഊഷ്മാവും ശ്വസന നിരക്കും വർദ്ധിക്കുന്നു. സാധാരണഗതിയിൽ, പശുക്കളുടെ ശ്വസനനിരക്ക് ഓരോ മിനുട്ടിലും എകദേശം 35 തവണയാണ്. അതീവ സമ്മർദ്ദ സാഹചര്യങ്ങളിൽ വായ് തുറന്ന് ശക്തിയായി, വേഗത്തി ൽ ശ്വസിക്കുകയും ഉമിനീരൊലിപ്പിക്കുകയും ചെയ്യുന്നു.. 35 മുതൽ 72 തവണ വരെയുള്ള ശ്വസനനിരക്ക് പാലുത്പാദനത്തെ ബാധിക്കാതെ തന്നെ ശരീരത്തിലെ ചൂട് നിയന്ത്രിക്കും. എന്നാൽ 72 ന് മുകളിലായാൽ, അത് പാലുത്പാദനത്തിലെ കുറവ് മുതൽ പശുവിന്റെ മരണത്തിനുവരെ കാരണമായേക്കാം. ഈ ലക്ഷണങ്ങൾ കണ്ടാലുടൻ ചൂട് കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥാ വ്യതിയാനം കൂടുതലും പ്രകടമാകുന്നത് വേനൽക്കാലത്തെ ഉയർന്ന അന്തരീക്ഷ താപനിലയിലാണ്. തൊഴുത്തിനുള്ളിലെ അന്തരീക്ഷ താപനില കുറയ്ക്കുന്നതോടൊപ്പം തീറ്റയിലും പരിചരണത്തിലും നൽകുന്ന ശ്രദ്ധ ശാരീരിക താപസമ്മർദ്ദം കുറയ്ക്കുവാനും പാൽ ഉല്പാദനം ഏറെക്കുറെ നിലനിർത്തുവാനും കറവപ്പശുക്കളെ സഹായിക്കുന്നു.

കന്നുകാലികൾക്ക് അപകടകാരികളായ സൂര്യവികിരണങ്ങൾ ഏൽക്കാതിരിക്കുവാൻ രാവിലെ 9 മണിയ്ക്ക് മുമ്പോ, വൈകീട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കുക. അതിൽതന്നെ വൈകീട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. കാരണം പുല്ലിന്റെ ദഹനപ്രക്രിയ ശരീരത്തിലെ ചൂട് കൂട്ടും. അത് താരതമ്യേന ചൂട് കുറഞ്ഞ രാത്രികാലങ്ങളിലായാൽ അതുവഴിയുള്ള ശാരീരിക സമ്മർദ്ദം കുറയ്ക്കുവാൻ പശുവിന് സാധിക്കും.

മേച്ചിൽ സ്ഥലങ്ങളിലും തൊഴുത്തിലും ശുദ്ധമായ കുടിവെള്ളം യഥേഷ്ടം ലഭ്യമാക്കണം. താനെ പ്രവർത്തിക്കുന്ന കുടിവെള്ള സംവിധാനം ഏർപ്പെടുത്തിയാൽ എപ്പോഴും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുവാനും വെള്ളംപാഴായി പോകുന്നത് തടയുവാനും സാധിക്കും. അതുപോലെ സൂര്യതാപം നേരിട്ടടിച്ച് ജലസംഭരണികളിലെ വെള്ളം ചൂടാകാതെയിരിക്കുവാനും ശ്രദ്ധിക്കണം.

സൂര്യതാപം തടയുന്നതിനായി തൊഴുത്തുകൾ തണലുള്ളിടത്ത് കിഴക്കു-പടിഞ്ഞാറ് ദിശയിൽ പണിയുന്നതാണ് ഉത്തമം. മേൽക്കൂരയിൽ ചൂടിന്റെ ആഗിരണം കുറയ്ക്കുന്നതിനായി ഓല, വൈക്കോൽ, ചാക്ക് എന്നിവ ഇടുന്നത് നന്നായിരിക്കും. തൊഴുത്തിന്റെ മേൽക്കൂരയ്ക്ക് താഴെ താൽക്കാലിക തട്ട് അടിയ്ക്കുന്നതും ചൂട് കുറയ്ക്കുന്നതിന് സഹായിക്കും. ഉച്ചനേരങ്ങളിൽ ഇടയ്ക്കിടെ മേൽക്കൂര നനച്ചുകൊടുക്കുവാൻ സാധിച്ചാൽ നല്ലതാണ്. തണൽമരങ്ങളുടെ സാമീപ്യം തൊഴുത്തിൽ താപനില കുറയ്ക്കുവാൻ സാധിക്കും. തൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. നേരിട്ട് സൂര്യപ്രകാശം തൊഴുത്തിനുള്ളിൽ വീഴാതിരിക്കുവാൻ മേൽക്കൂരയുടെ ചായ്‌വ് 3 അടിവരെ നീട്ടിക്കൊടുക്കാവുന്നതാണ്.

കന്നുകാലികളുടെ ശരീര ഊഷ്മാവ് 1ം സെൽഷ്യസ് കൂടുമ്പോൾ തീറ്റയെടുക്കുന്നതിൽ ഒരു കി.ഗ്രാം കുറവ് വരുന്നതായി കണ്ടുവരുന്നുണ്ട്. അതുകൊണ്ട് ഈ സമയം ഗുണമേന്മ കൂടിയ തീറ്റ നൽകുന്നതും, മുന്തിയ മാംസ്യസ്രോതസ്സുകൾ (ബൈപ്പാസ് പ്രോട്ടീനുകൾ പോലുള്ളവ) തീറ്റയിൽ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്. തീറ്റയിൽ വൈറ്റമിൻ ഡി, ഇ എന്നിവ ചേർക്കുന്നത് ചൂടുകാലത്തെ ശാരീരിക സമ്മർദ്ദം കുറയ്ക്കാൻ ഒരു പരിധിവരെ സഹായിക്കുന്നതാണ്. അതിനാൽ വൈറ്റമിൻ, ധാതുലവണ മിശ്രിതങ്ങൾ തീറ്റയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ് പലപ്പോഴും കൂടുതൽ കാലിത്തീറ്റ നൽകുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു. ഇത് വയറ്റിലെ അമ്ലത വർദ്ധിപ്പിക്കുകയും ദഹനക്കേടിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതി

നായി 30 ഗ്രാം സോഡാപ്പൊടിയും (സോഡിയം ബൈ കാർബണേറ്റ്) ഒരു ടീസ്പൂൺ ഈസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസവും നൽകാവുന്നതാണ്. ആമാശയത്തിലെ അമ്ലത നിയന്ത്രിക്കുവാൻ സോഡിയം ബൈ കാർബണേറ്റും മഗ്നീഷ്യം ഓക്സൈഡും 3:1 എന്ന അനുപാതത്തിൽ ചേർത്ത് കാലിത്തീറ്റയിൽ 1 മുതൽ ശതമാനംവരെ നൽകാവുന്നതാണ്. ചൂട് കാലത്ത് അതിരാവിലെ കറവയ്ക്ക് മുമ്പും രാത്രി 7 മണിയ്ക്ക് ശേഷവും കാലിത്തീറ്റ അഥവാ ഖരാഹാരം നൽകുന്നതാണ് ഉത്തമം.

പശുക്കളുടെ ശാരീരിക താപസമ്മർദ്ദം കുറയ്ക്കുന്നതിനായി ശരീരം നനച്ചു കൊടുക്കുന്നതും, ഫാൻ പ്രവർത്തിപ്പിക്കുന്നതും നല്ലതാണ്. വെറ്ററിനറി സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'ആശ്വാസ്' എന്ന സ്വയം നിയന്ത്രിത ഉപകരണം നിശ്ചിത സമയങ്ങളിൽ ശരീരത്തിൽ വെള്ളം സ്പ്രേ ചെയ്യുകയും ഫാൻ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. അന്തരീക്ഷത്തിലെ താപനിലയും ആർദ്രതയും വിലയിരുത്തി മാത്രം പ്രവർത്തിപ്പിക്കുന്ന ഈ ഉപകരണത്തിന് കർഷകരുടെ നേരിട്ടുള്ള മേൽനോട്ടം ആവശ്യമില്ല. മാത്രമല്ല, തൊഴുത്തിലെ ആർദ്രത കൂടിയാൽ വെള്ളം സ്പ്രേ ചെയ്യുന്നത് ഒഴിവാക്കുകയും ചെയ്യുന്നു. വെള്ളവും വൈദ്യുതിയും ലാഭിക്കുന്ന ഈ ഉപകരണം തൊഴുത്തിലെ ആർദ്രത പരിധി വിട്ട് ഉയരാതെ പശുക്കളെ നനയ്ക്കുവാൻ സഹായിക്കുന്നു.

പ്രതിരോധശേഷി കുറയാൻ സാധ്യതയുള്ള വേനൽക്കാലം തുടങ്ങുന്നതിനു മുമ്പേ പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകളും വിരമരുന്നുകളും വിദഗ്ദോപദേശ പ്രകാരം നൽകേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പുകൾ ആവുന്നത്ര രാവിലെയോ, വൈകുന്നേരങ്ങളിലോ നൽകുവാൻ ശ്രമിക്കുക. പനിയുണ്ടെങ്കിൽ തൊഴുത്തിലോ തണലുള്ളിടത്തോ പനി മാറുന്നതുവരെ വിശ്രമിക്കുവാനുള്ള സൗകര്യം നൽകണം. തൊലിപ്പുറമേയുള്ള പരാദങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, തീറ്റയെടുക്കുന്നതിനുള്ള മടി, മൂത്രത്തിലെ തവിട്ട് നിറം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

വേനൽക്കാലങ്ങളിൽ മദിലക്ഷണം കാണിക്കുന്നത് പൊതുവേ കുറയാറുണ്ട്. ബീജസങ്കലനത്തിന് മുമ്പും, ശേഷവും പശുക്കളെ തണലിൽ നിർത്തുകയും ശരീരം നനച്ച് കൊടുക്കുകയും ചെയ്യണം. ഇത് ഗർഭധാരണത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു.

വേനൽക്കാലത്ത് ഉണ്ടാകുന്ന ഉയർന്ന താപസമ്മർദ്ദം പശുക്കളുടെ ഉൽപ്പാദനത്തേയും പ്രത്യുൽപാദനത്തെയും ഗൗരവതരമായി ബാധിക്കുന്നു. എന്നാൽ ശാസ്ത്രീയമായ, കൃത്യമായ പരിചരണമുറകളിലൂടെ ഈ കാലയളവിനെ മറികടക്കുവാൻ ക്ഷീരകർഷകർക്ക് സാധിക്കും.



പലമേൽ ഗ്രാമ പഞ്ചായത്ത് കേരഗ്രാമം പദ്ധതി ഉദ്ഘാടനം
ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ.പി.പ്രസാദ് അവർകൾ നിർവ്വഹിക്കുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh